പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1269

11.06.2019-ൽ മറുപടിക്ക്

## നെട്ടുപ്പുഴ റെയിൽവെ ഓവർബ്രിഡ്ജ് നിർമ്മാണം

| ചോദ്യം<br>ശ്രീ.കെ. രാജൻ : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ നെട്ടുപ്പുഴ റെയിൽവെ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി ക്രമങ്ങൾ ഇതുവരെ പൂർത്തിയായി; വിശദവിവരം ലഭ്യമാക്കാമോ; | (എ) പദ്ധതിയുടെ വിശദമായ പദ്ധതിരേഖ 04.07.2018-ന് കിഫ്ബിയ്ക്ക് സമർപ്പിക്കുകയും, കിഫ്ബി 09.11.2018-ന് പദ്ധതിയ്ക്ക് 31.04 കോടി രൂപയ്ക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ ആർ.ബി.ഡി.സി.കെ തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. 22.04.2019-ൽ റവന്യൂ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് തുടർ നടപടികൾക്കായി ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തി യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ